"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഇംഹാൻസ് - പ്ലാൻ ഫണ്ട് 2024-25 - വാഹനം വാടകയ്ക്ക് എടുക്കൽ - 3,30,300/- രൂപ റിലീസ് ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1380/2024/H&FWD തീയതി,തിരുവനന്തപുരം, 08-06-2024

പരാമർശം:-
1. സ.ഉ.(സാധാ)നം.55/2024/ആ.കു.വ. തീയതി 09.01.2024
2. സ.ഉ.(സാധാ)നം.784/2024/ആ.കു.വ. തീയതി 04.03.2024
3. ഇംഹാൻസ് ഡയറക്ടറുടെ 16.05.2024, 08.04.2024 എന്നീ തീയതികളിലെ 516/2024/ഇംഹാൻസ് എന്ന നമ്പർ കത്തുകൾ

**ഉത്തരവ്**

മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഇംഹാൻസിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനു വേണ്ടി 3,60,000/- രൂപയുടെ ഭരണാനുമതി '2210-05-200-95-36- ഇംഹാൻസ് - സഹായധനം ശമ്പളേതരം (പ്ലാൻ)' എന്ന ശീർഷകത്തിനു കീഴിൽ നൽകിയിരുന്നു. മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം പ്രസ്തുത ആവശ്യത്തിനായി 3.60 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത തുക ഇംഹാൻസിന്റെ PSTSB അക്കൌണ്ട് നമ്പർ-ലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ടായിരുന്നില്ലെന്നും 2210-05-200-95-36(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും നേരിട്ട് ഗുണഭോക്തകൾക്ക് കൈമാറ്റം ചെയ്യുകയാണ് ഉണ്ടായതെന്നും മേൽ പരാമർശത്തിലെ കത്ത് പ്രകാരം ഇംഹാൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ വാഹനത്തിന് 29,700/- രൂപയാണ് ചെലവായിട്ടുള്ളതെന്നും ബാക്കി തുകയായ 3,30,300/- രൂപ സാമ്പത്തികവർഷാവസാനം സർക്കാർ തിരിച്ചെടുത്തിരുന്നെന്നും ഇംഹാൻസ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 2024 മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ വാഹനം ഓടിയ വകയിൽ 89,100/- രൂപ വാഹന ഉടമയ്ക്ക് അടിയന്തരമായി നൽകേണ്ടതുണ്ടെന്നതിനാൽ 2210-05-200-95-36 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും സർക്കാർ തിരിച്ചെടുത്ത 3,30,300/- രൂപ 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അടിയന്തമായി അനുവദിച്ചു നൽകാൻ ഇംഹാൻസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശം 1-ലെ ഭരണാനുമതി ഉത്തരവിന്റെ വെളിച്ചത്തിൽ, ഇംഹാൻസിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയ 3,60,000/- രൂപയിൽ ചെലവഴിച്ച 29,700/- രൂപ കിഴിച്ച്, **3,30,300/- രൂപ (മൂന്നു ലക്ഷത്തി മുപ്പതിനായിരത്തി മൂന്നൂറ് രൂപ മാത്രം)** 2024-25 സാമ്പത്തിക വർഷം **'2210-05-200-95-36(പ്ലാൻ)'** ശീർഷകത്തിൽ വകയിരുത്തിയ ബജറ്റ് വിഹിതത്തിൽ നിന്നും ഇംഹാൻസ് ഡയറക്ടർക്ക് റിലീസ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ്, സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസ്, കോഴിക്കോട്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.No. 2770623/HLT-A3/74/2024-FIN തീയതി 30.05.2024 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 09-06-2024 13:15:56

സെക്ഷൻ ഓഫീസർ